"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- ബഡ്ജറ്റ് പ്രവൃത്തി- 2019-20 - കണ്ണൂർ ജില്ല- ധർമ്മടം നിയോജക മണ്ഡലം - **"പെരളശ്ശേരി- പെരിങ്ങയിൽചിറ തോട് സൈഡ് പ്രൊട്ടക്ഷൻ, സ്ലാബ്"** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Rt)No.1548/2026/LSGD തീയതി,തിരുവനന്തപുരം, 18-08-2026

---

പരാമർശം:- 1. സ.ഉ(സാധാ) നം.5690/2025/ധന തീയതി 05.07.2025

2. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 31.03.2026 ലെ LSGD/PD/8974/2026-EW5 നമ്പർ കത്ത്.

**ഉത്തരവ്**

2019-20 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളിൽ ക്രമ നമ്പർ 616 ആയി ഉൾപ്പെടുത്തി 25 കോടി രൂപ അടങ്കൽ ഇകയും, 20% പ്രൊവിഷനും അനുവദിച്ച് തൊഴിൽ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കിയ ധർമ്മടം മണ്ഡലത്തിലെ **"പിണറായി ഗവൺമെന്റ് ഐ.ടി.ഐ യ്ക്ക് കെട്ടിടം സ്ഥലം ഉൾപ്പെടെ"** എന്ന പ്രവൃത്തിയ്ക്ക് വകയിരുത്തിയ 25 കോടി രൂപ 15 പ്രവൃത്തികൾക്ക് വകയിരുത്തി പരാമർശം (1) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികളിൽ 50 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി , 10 ലക്ഷം രൂപ വകയിരുത്തി തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവഹണ വകുപ്പാക്കിയ **"പെരളശ്ശേരി - പെരിങ്ങയിൽചിറ തോട് സൈഡ് പ്രൊട്ടക്ഷൻ, സ്ലാബ്"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും അനുബന്ധരേഖകളും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശിത കത്ത് പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-2020 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ക്രമ നമ്പർ. 616 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയതും, തൊഴിൽ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കിയ ധർമ്മടം മണ്ഡലത്തിലെ **"പിണറായി ഗവൺമെന്റ് ഐ.ടി.ഐ യ്ക്ക് കെട്ടിടം സ്ഥലം ഉൾപ്പെടെ"** എന്ന പ്രവൃത്തിയ്ക്ക് വകയിരുത്തിയ 25 കോടി രൂപ 15 പ്രവൃത്തികൾക്ക് വകയിരുത്തി പരാമർശം (1) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്ന പ്രവൃത്തികളിലൊന്നായതും, 50 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി , 10 ലക്ഷം രൂപ വകയിരുത്തി തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവഹണ വകുപ്പാക്കിയതുമായ "**പെരളശ്ശേരി - പെരിങ്ങയിൽചിറ തോട് സൈഡ് പ്രൊട്ടക്ഷൻ, സ്ലാബ്**" എന്ന പദ്ധതിയ്ക്ക് **50 ലക്ഷം (അമ്പത് ലക്ഷം രൂപ മാത്രം)** രൂപയുടെ ഭരണാനുമതി നൽകിയും അഡിഷണൽ പ്രൊവിഷനായി 50 ലക്ഷം രൂപ ഇ അനുമതി പോർട്ടലിൽ അനുവദിച്ച് ടി പ്രവൃത്തിയ്ക്കാവശ്യമായ ചെലവ് 4515-00-800-

92(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു. തുടർന്നുള്ള നടപടിക്രമങ്ങളും ഇ-പോർട്ടൽ മുഖേന മാത്രം സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LEENA N P

ADDITIONAL SECRETARY

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, പെരളശ്ശേരി ഗ്രാമപഞ്ചായത്ത്,കണ്ണൂർ ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധനകാര്യ വകുപ്പ് (3487215/Dev-3/115/2026-Fin) (AS/LGD/26/52203)
6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർഡി.
8) കരുതൽ ഫയൽ (ഡി.ബി2/276/2026/എൽ.എസ്.ജി.ഡി).

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 18-08-2026
15:15:18

സെക്ഷൻ ഓഫീസർ